**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1143** **29-06-2026-ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കുനേരെ പ്രദേശവാസികളും ഡ്രൈവർമാരും ചേർന്ന് ആക്രമണങ്ങൾ നടത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി: ചില ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾ ആക്രമണത്തിന് വിധേയരാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട് .**

**(ബി)** വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**മറുപടി: ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിലായി ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കുന്നത് തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരുകയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് , പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചുവരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള രാത്രിയിലും ദൃശ്യമാകുന്ന സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി വരികയാണ് .**

**(സി)** എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 24 മണിക്കൂറും പോലീസിന്റെ സാന്നിധ്യമുള്ള എയ്ഡ് പോസ്റ്റുകളും സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി: മുൻ ഖണ്ഡിക(ബി)യിലെ ഉത്തരം**

**സെക്ഷൻ ഓഫീസർ**